# എന്താണ് വരുൺഗാന്ധിയുടെ സ്ഥിരീകരണം അർത്ഥം വെയ്ക്കുന്നത്?

സന്ദീപ് പാണ്ഡെ

വരുൺഗാന്ധി പ്രശസ്തിയിലേക്കുള്ള കുറുക്കുവഴി തെരഞ്ഞെടുത്തിരിക്കുന്നു. ഇന്നലെവരെ അദ്ദേഹം ബി. ജെ. പി. അംഗത്വമുള്ള സാധാരണക്കാരനായിരുന്നു. എന്നാൽ ഇന്ന് അദ്ദേഹം പാർട്ടിയിലെ മുഖ്യ ദേശീയനേതാവും അതേ ലീഗിൽ എൽ. കെ. അദ്വാനിയേയും നരേന്ദ്ര മോഡിയേയും പോലെ പ്രചണ്ഡമായ വിഭാഗീയ കാഴ്ചപ്പാടിനെ പിൻതാങ്ങുന്ന ഒരാളുമാണ്. ഒരു ബി. ജെ. പി. നേതാവെന്ന നിലയിൽ വരുൺഗാന്ധി പറഞ്ഞ കാര്യങ്ങൾ ആകാംക്ഷാജനകമല്ല. ബി. ജെ. പി. യിലെ മുഖ്യനേതാക്കൾ മുസ്ലീം വിരുദ്ധ, ന്യൂനപക്ഷവിരുദ്ധ, പ്രത്യയശാസ്ത്രക്കാരാണ്. മുസ്ലീം വിരുദ്ധ, പാക്കിസ്ഥാൻ വിരുദ്ധ, ന്യൂനപക്ഷവിരുദ്ധ പട്ടിക നീക്കിവെച്ചാൽ ബി. ജെ. പി. അല്ലെങ്കിൽ ലാർജർ സംഘ് പരിവാർ വ്യക്തിത്വ പ്രതിസന്ധി നേരിടേണ്ടിവരും. ഈ ഔചിത്യത്വത്തിൽ ഹിന്ദുത്വ സംഘടനകൾ മൗലികമായി പ്രതിലോമകാരികളാണ്. ജനങ്ങളുടെ ശ്രദ്ധ ആകർഷിക്കാനായി അവർ എല്ലായ്പ്പോഴും നിശിത ഭാഷ ഉപയോഗിക്കുകയും, അവരുടെ സാന്നിദ്ധ്യം ബോദ്ധ്യപ്പെടുത്തുവാൻ ആക്രമണം അഴിച്ചു വിടുകയും ചെയ്തു. മഹാത്മാഗാന്ധിയുടെ കൊലപാതകത്തിൽ നിന്നും തുടങ്ങി, ബാബരി മസ്ജിദ് പൊളിച്ചുമാറ്റൽ, ആണവ പരീക്ഷണം, ക്രിസ്തു മതത്തിനെതിരെ ഗുജറാത്തിൽ നടന്ന കൂട്ടക്കൊല പിന്നീട് ഒറീസയിലേക്കും കർണാടകത്തിലേക്കും വ്യാപിച്ച, ഇങ്ങനെഒരുപാട് ഉദാഹരണങ്ങളുണ്ട്. സൃഷ്ടിപരവും, യാഥാർത്ഥ്യപരവുമായ അജണ്ടയല്ല അവർക്കുള്ളത്. കഴിഞ്ഞ പൊതു തിരഞ്ഞെടുപ്പിൽ നേട്ടങ്ങൾ കൊയ്തെടുക്കാൻ 'ഇന്ത്യ തിളങ്ങുന്നു' എന്ന മുദ്രാവാക്യം ഉയർത്തിപിടിച്ചെങ്കിലും അത് തിരിച്ചടിച്ചു.

ഈ വിഭാഗീയ പ്രസ്താവന വരുൺഗാന്ധിയിൽ നിന്നും വന്നു എന്നുള്ളതാണ് ആശ്ചര്യപ്പെടുത്തുന്നത്. ഒരു സിഖ് യുവതിയായ അമ്മയ്ക്ക് ജനിച്ച പാർസി മുത്തച്ഛനുള്ള വരുൺ ഇപ്പോൾ പ്രധാനപ്പെട്ട ഹിന്ദുത്വ പ്രവർത്തകനാകുമെന്ന് ആരും പ്രതീക്ഷിച്ചില്ല. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ എന്തുകൊണ്ടദ്ദേഹം പറഞ്ഞു? അദ്ദേഹം ഇക്കാര്യം തനിയെ പറഞ്ഞതാണോ അതോ ആരെങ്കിലും അഭ്യസിപ്പിച്ചതാണോ? താൻ കൂടുതൽ സത്യസന്ധനാണെന്ന് തെളിയിക്കാനുള്ള പുതിയ മാറ്റമാണോ ഈ കേസ്? അതോ ബി. ജെ. പി. പഴയ



പീരങ്കി ആക്രമണത്തിനു പകരം പുതിയ ഭക്ഷണം ഉപയോഗിക്കുകയാണോ? പൊതു തെരഞ്ഞെടുപ്പിനു മുമ്പ് നിർജീവവും ഉൾപ്പോരുമുള്ള ചുക്കാൻ പിടിക്കാൻ ആരുമില്ലെന്ന തോന്നലോടുകൂടിയ ബി. ജെ. പി. യുടെ കൈയിലേക്ക് പെട്ടെന്ന് വരുൺഗാന്ധി എത്തിച്ചേരുകയായിരുന്നു. 2002-ലെ മുസ്ലീം നരഹത്യ ഓർക്കാൻ ആഗ്രഹിക്കാത്ത നരേന്ദ്ര മോഡി ഗുജറാത്തിനെവികസനത്തിന്റെ മോഡലാക്കി ചിത്രീകരിക്കാൻ കഠിനമായി ശ്രമിക്കുന്നു. കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി. മുഖ്യമന്ത്രി മുംബൈ ഭീകരാക്രമണത്തിൽ കോൺഗ്രസിനു പറ്റിയ വീഴ്ചകൾ ഉയർത്തികാണിക്കാതെ തങ്ങൾ വികസനത്തിനായി കൈവരിച്ച നേട്ടങ്ങളെ മുഖ്യ വിഷയമാക്കി. എന്നാൽ നമുക്ക് കണ്ടുപിടിക്കാൻ സാധിക്കും, ഒരു മയക്കുമരുന്നിനടിമയെപോലെ അവർക്കു പ്രചോദനം നൽകിയ ഒരേഒരു കാര്യം മുസ്ലീം വിരുദ്ധ പകയാണ്.

വിഭാഗീയതയുടെ കാർഡ് ഒരിക്കലും വീണ്ടും,വീണ്ടും കളിക്കാൻ കഴിയില്ലെന്ന് ആർ. എസ്. എസ് തിരിച്ചറിയണം. പ്രകൃതിയാൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ഒരു സമാധാനവാദിയാണ്. അതുപോലെ അവൻ അവനു ചുറ്റുമുള്ള മനുഷ്യരുമായി യോജിച്ച് ജീവിക്കാൻ ആഗ്രഹിക്കുന്നു. അവനെഒന്നോ രണ്ടോ തവണ വിഭാഗീയത കയറിപ്പിടിക്കുമെങ്കിലും വളരെ പെട്ടെന്നോ പിന്നീടോ അതിന്റെ ദൂഷ്യഫലങ്ങൾ അവൻ മനസ്സിലാക്കും. ഒരിക്കൽ ബാബരി മസ്ജിദ് പൊളിച്ചുമാറ്റാൻ ജനങ്ങളെ ഒന്നിപ്പിക്കാനെളുപ്പമായിരുന്നു. എന്നാൽ, അമ്പലത്തിന്റെ പുനർനിർമ്മാണത്തിനായി ഒരിക്കൽകൂടി അവരെ അയോദ്ധ്യയിലേക്ക് തിരിച്ചു കൊണ്ടുവരിക എന്നത് ക്ലേശകരമായ കാര്യമാണ്. അയോദ്ധ്യയിലെ മിക്ക സാധു മഹന്ത് വംശക്കാരും ഇപ്പോൾ അമ്പലത്തിന്റെ പുനർനിർമ്മാണത്തെ എതിർക്കുന്നു. എന്തെന്നാൽ ഈ നീക്കം അവരുടെ സമാധാനവും ധനാഗമമാർഗ്ഗങ്ങളും നശിപ്പിച്ചു. നരേന്ദ്രമോഡിക്ക് ഇനിയും 2002-ലെ നരഹത്യ ആവർത്തിക്കാനാവില്ല. ജനങ്ങൾ വെറുക്കുന്ന സന്യാസിനി റിതംബരയുടേയും ഉമാഭാരതിയുടേയും പ്രസംഗങ്ങൾ ഇനിയും ജനങ്ങളെ ആവേശം കൊള്ളിക്കില്ല. എങ്കിലും ബി. ജെ. പി. തീ ആളിക്കത്തിക്കാനറിയാവുന്ന ഒരു നേതാവിനെ തിരയുകയാണ്. എന്നാൽ നാം മനസ്സിലാക്കുക പിലിഭിത്തിൽ പറഞ്ഞ കാര്യങ്ങൾ അദ്ദേഹം ഇനിയും ആവർത്തിക്കുകയാണെങ്കിൽ ഇനിയും രാഷ്ട്രീയത്തിൽ വരുൺഗാന്ധിക്ക് നിലനിൽപ്പില്ല. ഒരു നിമിഷത്തിനുശേഷം ജനങ്ങൾ അദ്ദേഹത്തിന്റെ യോഗത്തിൽ പങ്കെടുക്കു

ന്നത് നിർത്തും.

പാർട്ടിക്കുള്ളിലും പുറത്തും, വരുൺ ഗാന്ധിയുടെ പിലിഭിത്തിലെ വിഭാഗീയ പ്രസ്താവനയ്ക്കുള്ള പ്രതികരണം ഞെട്ടിപ്പിക്കുന്നതായിരുന്നു. എങ്കിലും, ബി. ജെ. പി യിലെ ചില നേതാക്കൾ ഇപ്പോൾ അദ്ദേഹത്തിന്റെ പ്രസ്താവനയെ പിൻതാങ്ങുന്നു. അദ്ദേഹത്തിന്റെ സഹോദരങ്ങളായ രാഹുലും, പ്രിയങ്കയും ഇതിൽ സങ്കടം അറിയിച്ചു. എന്നാൽ കോൺഗ്രസ് പാർട്ടി എപ്പോൾ ഉചിതമോ അപ്പോൾ വിഭാഗീയതയുടെ കാർഡ് ഉപയോഗിക്കുന്നു. കോൺഗ്രസ്സും ബി. ജെ. പിയും തമ്മിലുള്ള വ്യത്യാസമെന്തെന്നാൽ മുമ്പ് അത് പ്രത്യയശാസ്ത്രപരമായ വിഭാഗീയതയായിരുന്നു. പിന്നീട് അവസരവാദപരമായ വിഭാഗീയതയായി മാറി. മുമ്പ് 1992-ൽ യു. പി. തിരഞ്ഞെടുപ്പിൽനിന്ന് ഒരു ഗാന്ധി കുടുംബാംഗമായിരുന്നു പ്രധാനമന്ത്രിയായിരുന്നതെങ്കിൽ കോൺഗ്രസ്സിന്റെ അജണ്ടകളെ സംശയിക്കുന്നവിധം ബാബറി മസ്ജിദ് പൊളിച്ചു മാറ്റപ്പെടുകയില്ലായിരുന്നു. വരുൺഗാന്ധിയുടെ മറ്റൊരു പ്രസ്താവനയെന്തെന്നാൽ പാക്കിസ്ഥാൻ വിഭജനത്തിന്റെ മുഴുവൻ ബഹുമതിയും നൽകേണ്ടത് മുത്തശ്ശിയായ ഇന്ദിരാഗന്ധിക്കാണ് എന്നതാണ്. എന്താണ് രാഹുൽഗാന്ധിക്ക് വിഭാഗീയത പ്രചരിപ്പിക്കേണ്ട ആവശ്യം? വരുൺ ഗാന്ധിയുടെ പ്രസ്താവനയിൽ നിന്ന് ഈ പ്രസ്താവനയ്ക്ക് എന്തെങ്കിലും വ്യത്യാസമുണ്ടോ?

ഇന്ത്യൻ രാഷ്ട്രീയത്തെ നശിപ്പിക്കുന്ന ഒരു തരം അസുഖത്തിന്റെ സൂചനയാണിത്. രാഷ്ട്രീയക്കാർ വെട്ടിനായി ജനങ്ങളുടെ ദുഃഖത്തെ കൂട്ടുപിടിക്കുമ്പോൾ അതിന്റെ അനന്തരഫലമെന്താണെന്നവർ ഓർക്കുന്നില്ല. ഇത്തരം മോശപ്പെട്ട കാര്യങ്ങൾ ചെയ്യുമ്പോഴും ശിക്ഷിക്കപ്പെടില്ലെന്നവർ വിശ്വസിക്കുന്നു. ഒരു കൊലക്കേസിൽ പ്രതിയായിരുന്ന നവ്ജോത് സിംങ് സിധുവിന് പിന്നീട് പാർലമെന്റ് സീറ്റ് ലഭിച്ചു. മറ്റു ക്രിമിനലുകളും രാഷ്ട്രീയത്തിൽ ഭാവി കണ്ടെത്തുന്നത് കോടതി അവർക്ക് നീതി വാങ്ങിക്കൊടുക്കുമെന്ന് പ്രതീക്ഷിച്ചാണ്. രാഷ്ട്രീയം ശരിക്കും പറഞ്ഞാൽ ശിക്ഷയിൽ നിന്നും രക്ഷപ്പെടാനുള്ള വഴി കാണിച്ചു കൊടുക്കുന്നു. താനൊരു ധീരനാണെന്ന് കാണിക്കാനായി അറസ്റ്റ് കൈവരിച്ച് പ്രശസ്തി നേടാൻ വരുൺഗാന്ധി ശ്രമിക്കുന്നു. ഇത് തികച്ചും കടുത്ത നൈരാശ്യവും പകയുമാണ്.

പിലീഭിത്ത് സംഭവത്തിന്റേയും തുടർന്നുണ്ടായ സംഭവവികാസങ്ങളുടേയും പ്രത്യാഘാതങ്ങൾ എന്തെന്നുവച്ചാൽ ഇന്ത്യയിലെ രണ്ട് പ്രശസ്ത പാർട്ടികളിലെ അംഗങ്ങളായ രണ്ട് പ്രശസ്ത യുവ നേതാക്കളും ഒരേ കുടുംബത്തിലെ അംഗങ്ങളാണ്. അതോ പ്രധാനമന്ത്രിയാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നയാളുടെ ഉയർച്ച വിലയിരുത്താൻ സഹോദരനെഉപയോഗിക്കുകയാണോ? വരുൺഗാന്ധിയുടെ സ്ഥിരീകരണത്തിനു പിന്നിൽ എന്തു തന്നെയായാലും അത് ഇന്ത്യൻ രാഷ്ട്രീയത്തെ ഒരു പടി താഴോട്ട് കൊണ്ടുവന്നിരിക്കുന്നു. ഇന്ത്യൻ രാഷ്ട്രീയത്തിൽ പ്രശസ്തി ആർജിക്കാൻ കുറുക്കുവഴി ഉപയോഗിക്കുകയാണ് വരുൺഗാന്ധിയും പാർട്ടിയും. അദ്ദേഹത്തിന്റെ പ്രതീക്ഷകൾ നാശങ്ങൾ ഉൾക്കൊള്ളുന്ന ഒന്നാണെന്നതിനാൽ സമൂഹത്തിലെ വരും യുവനേതാക്കളും അത് അനുകരിക്കും. വരുൺഗാന്ധിയുടെ രാഷ്ട്രീയത്തിലെ അഭിനയം മനുഷ്യനാൽ ജീവിതത്തിൽ ആവർത്തിക്കപ്പെട്ടാൽ സമൂഹത്തിൽ സമാധാനത്തിന്റേയും യോജിപ്പിന്റേയും സംഹാരം തന്നെ ഉണ്ടാകും.

വിവർത്തനം: അഥീനസുന്ദർ
സൽസബീൽ ഗ്രീൻ സ്കൂൾ

# മുംബൈയിൽ പോലീസ് ലാത്തിചാർജ് മേധാ പട്ക്കറെ അറസ്റ്റ് ചെയ്തു

(25 മാർച്ച് 2009 ബുധൻ)



മഹാരാഷ്ട്രാ ഹൗസിങ് ഏരിയ വികസനഅഥോറിറ്റിയുടെ (MHADA) കെട്ടിടത്തിനു മുമ്പിൽനിന്നും മുന്നൂറിലധികം ചേരിനിവാസികളെ മുംബൈ പോലീസ് ഇന്ന് അറസ്റ്റ് ചെയ്തു. ചേരി നിർമ്മാർജ്ജനത്തിനു മറവിൽ അഴിമതിയും ക്രൂരതയും കാണിയ്ക്കുന്ന ബിൽഡർമാർക്കെതിരെ പ്രതിഷേധ പ്രകടനം നടത്തുകയായിരുന്നു അവർ. അറസ്റ്റു ചെയ്യപ്പെട്ടവരിൽ മേധാ പട്ക്കർ, സിംപ്രീത് സിങ്ങ് എന്നീ സാമൂഹ്യ പ്രവർത്തകരും ഉൾപ്പെടും. അഥോറിറ്റി അധികൃതർ, ചേരി പുനരധിവാസക്കമ്മിറ്റി ഭാരവാഹികൾ, വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുമായുള്ള സംഭാഷണങ്ങൾക്കു ശേഷം ചേരി നിവാസികൾ ഉച്ചതിരിഞ്ഞ് മൂന്നു മണിയോടെ കളക്ടറെ സന്ദർശിയ്ക്കാനിരിക്കെയാണ് അത്യന്തം നാടകീയമായി യാതൊരു മുന്നറിയിപ്പുമില്ലാതെ പോലീസ് നരനായാട്ട് ആരംഭിച്ചത്.

വർഷങ്ങൾക്കു മുമ്പ് കുടിയിറക്കപ്പെട്ട ആയിരക്കണക്കിന് ജനങ്ങൾ മുംബൈയിൽ ഇപ്പോഴും താത്കാലിക ക്യാമ്പുകളിൽ കഴിഞ്ഞുകൂടുകയാണ്. അറസ്റ്റുചെയ്യപ്പെട്ട ഇരുന്നൂറിലധികം സ്ത്രീകളെ പോലീസ് ക്രൂരമായി മർദിച്ചു. ഇവരിൽ പലർക്കും കൈകാലുകളിലും തലയിലും സാരമായ പരിക്കുകളുണ്ട്. അവസാനം റിപ്പോർട്ട് കിട്ടുമ്പോൾ പരിക്കേറ്റവരെ ആസ്പത്രികളിലേക്ക് മാറ്റിക്കൊണ്ടിരിയ്ക്കുകയാണ്. നിരവധി സ്ത്രീകളേയും കുട്ടികളേയും ഇപ്പോഴും ബാന്ദ്ര- കുർള സമുച്ചയത്തിൽ കസ്റ്റഡിയിൽ വച്ചിരിക്കുകയാണ്.

ഇവർക്കെതിരെയുള്ള കുറ്റങ്ങളത്രയും കൃത്രിമമാണ്. പോലീസ് ആരോപിയ്ക്കുന്നത് ജനങ്ങൾ അവരെ ആക്രമിച്ചുവെന്നാണ് എന്നാൽ സംഭവിച്ചത് മറിച്ചും. അറസ്റ്റ് ചെയ്യപ്പെട്ടവർക്കെതിരെ സെ. 353, 332, 142, 147, 149 എന്നിവ പ്രകാരം കേസെടുത്തിട്ടുണ്ട്.

(വിജയ് ചൗഹാൻ, ദീപ്തി ഭട്നഗർ, ശ്രീകാന്ത്)